# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.213** 25/04/2017-ൽ മറുപടിക്ക്

## ചാലക്കുടി ഫയർസ്റ്റേഷൻ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചു വരുന്ന ചാലക്കുടി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;<br><br>ബി) ചാലക്കുടി മുനിസിപ്പാലിറ്റി ഇതിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) & (ബി)<br>ചാലക്കുടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിലേയ്ക്കായി മുകുന്ദപുരം താലൂക്കിൽ കിഴക്കേചാലക്കുടി വില്ലേജിൽ സർവ്വേനം 435/1, 437/1, 437/2 ൽ ഉൾപ്പെട്ട 1.4812 ഹെക്ടർ സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയത് ഫയർ & റെസ്ക്യൂ വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ചാലക്കുടി ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) ചാലക്കുടി ഫയർസ്റ്റേഷന് കൂടുതൽ വാഹനങ്ങളും, ഉപകരണങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ആവശ്യകത പരിശോധിച്ച് ചാലക്കുടി നിലയത്തിന് നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ